# നീരയ്ക്ക് എക്സൈസ് നിയമം ബാധകമാക്കരുതെന്ന് നിർദേശം

ന്യൂഡൽഹി: എക്സൈസ് നിയമത്തിന്റെ പരിധിയിൽനിന്ന് 'നീര'യെ ഒഴിവാക്കാൻ നാളികേരകൃഷി കൂടുതലായുള്ള സംസ്ഥാനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് കേന്ദ്ര കൃഷിസഹമന്ത്രി മോഹൻഭായ് കുന്ദരിയ രാജ്യസഭയിൽ കെ എൻ ബാലഗോപാലിന്റെ ചോദ്യത്തിന് മറുപടിയായി പറഞ്ഞു. നാളികേര വികസന ബോർഡുമായി കൂടിയാലോചിച്ചശേഷം ഇതുമായി ബന്ധപ്പെട്ട് ഉചിതമായ നയതീരുമാനമെടുക്കാനാണ് നിർദേശിച്ചതെന്ന് മന്ത്രി അറിയിച്ചു.

വിദേശത്ത് വിപണനം ചെയ്യാൻവിധം നിലവിൽ നീര ഉൽപ്പാദിക്കപ്പെടുന്നില്ലെന്നും മന്ത്രി പറഞ്ഞു. നാളികേര ഉൽപ്പന്ന സൊസൈറ്റികൾ മുഖാന്തരമാണ് നിലവിൽ നീരയുടെ വാണിജ്യ ഉൽപ്പാദനം നടക്കുന്നത്. നിലവിലെ ഉൽപ്പാദനം വിദേശ വിപണനത്തിന് പര്യാപ്തമല്ല- മന്ത്രി അറിയിച്ചു.